IV സബ്മിഷൻ

(1) കുഡുംബി സമുദായത്തിന് നിയമന സംവരണം

ശ്രീ. എം. എ. വാഹീദ് : സർ, കുഡുംബി സമുദായത്തിന് സർക്കാർ നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. ഗോവയിൽനിന്ന് പോർച്ചുഗീസുകാരുടെ മത പരിവർത്തന ഭീഷണിയെത്തുടർന്ന് നമ്മുടെ സംസ്ഥാനത്ത് കുടിയേറിയവരാണ് കുഡുംബി സമുദായക്കാർ. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തേക്കാൾ വളരെയേറെ കഷ്ടപ്പെടുന്ന ഒരു വിഭാഗമാണ് കുഡുംബി സമുദായക്കാർ. അവർക്ക് ഒരു ആനുകൂല്യവും ലഭിക്കാത്ത സ്ഥിതിവിശേഷമാണുള്ളത്. ഈ സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് സംസ്ഥാന ഗവൺമെന്റ് മാർച്ച് 26-ന് തീരുമാനിച്ചിട്ടുണ്ടെങ്കിലും അനന്തര നടപടികൾ വൈകിക്കൊണ്ടിരിക്കുകയാണ്. ഇതിന് കേന്ദ്ര സർക്കാരിന്റെ അനുവാദവും ആവശ്യമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് ലഭിക്കുന്നതുവരെ ഇവർക്കുള്ള നിയമനങ്ങളിൽ ക്ലാസ് വൺ മുതൽ ക്ലാസ് ത്രീ വരെയുള്ള തസ്തികകളിൽ ഒരു ശതമാനവും ക്ലാസ് ഫോർ തസ്തികയിൽ രണ്ടു ശതമാനവും സംവരണം കൊടുക്കുവാനുള്ള തീരുമാനം വേണമെങ്കിൽ നമ്മുടെ സർക്കാരിന് എടുക്കുവാൻ കഴിയും. വളരെയേറെ കഷ്ടപ്പെടുന്ന, ദുരിതമനുഭവിക്കുന്ന, ബുദ്ധിമുട്ടനുഭവിക്കുന്ന ഈ സമുദായത്തിലെ പാവപ്പെട്ടവരെ സഹായിക്കുവാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, കുഡുംബി സമുദായത്തെ കേന്ദ്ര സർക്കാർ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതുവരെ അവർക്ക് സംസ്ഥാന സർക്കാർ നിയമനങ്ങളിൽ സംവരണം അനുവദിക്കണമെന്നതാണ് സബ്മിഷനിലെ ആവശ്യം. സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ പരിഗണിച്ച് കുഡുംബി സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ 26-3-2007-ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ശിപാർശയിന്മേൽ ഇതുവരെയും കേന്ദ്ര സർക്കാർ തീരുമാനമെടുത്തിട്ടില്ല. എന്നാൽ ഇവരെ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തി ഡിഗ്രി, പി.ജി., കോഴ്സുകൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകിവരുന്നുണ്ട്. 8-10-2008-ലെ സർക്കാർ ഉത്തരവുപ്രകാരം പ്രൊഫണൽ കോഴ്സുകളുടെ പ്രവേശനത്തിന് ഈ സർക്കാർ ഒരു ശതമാനം സംവരണവും അനുവദിച്ചിട്ടുണ്ട്. പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുവാനുള്ള സംസ്ഥാന സർക്കാരിന്റെ ശിപാർശയിന്മേൽ കേന്ദ്ര സർക്കാർ അനുകൂലമായ തീരുമാനം കൈക്കൊള്ളാതെ ഇവർക്ക് പട്ടികജാതി സംവരണം അനുവദിക്കുവാൻ കഴിയുകയില്ല. ഇവരെ പിന്നോക്ക വിഭാഗങ്ങളിൽ ഉൾപ്പെടുത്തി പ്രത്യേക സംവരണം അനുവദിക്കുവാൻ കഴിയുമോയെന്ന് ശിപാർശ നൽകേണ്ടത് പിന്നോക്ക വിഭാഗ കമ്മീഷനാണ്. 8-10-2010-ൽ കുഡുംബി സേവാസംഘം ഈ ആവശ്യം ഉന്നയിച്ച് സർക്കാരിന് സമർപ്പിച്ച നിവേദനം കമ്മീഷന്റെ പരിഗണനയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ഇതിന്മേൽ കമ്മീഷൻ നൽകുന്ന ശിപാർശ പരിഗണിച്ച് അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly